# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 841 11.03.2015 – ൽ മറുപടിക്ക്

## വേനൽമഴയുടെ കുറവു മൂലമുള്ള കുടിവെള്ളക്ഷാമം

| ചോദ്യം | മറുപടി |
|---|---|
| ഡോ.എൻ.ജയരാജ്<br>ശ്രീ.പി.സി.ജോർജ്ജ്<br>ശ്രീ.റോഷി അഗസ്റ്റിൻ<br>ശ്രീ.എം.വി.ശ്രേയാംസ്കുമാർ | പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) മുൻ വർഷങ്ങളെ അപേക്ഷിച്ച് വേനൽമഴയുടെ ലഭ്യതയിൽ ഈ വർഷം കുറവ് രേഖപ്പെടുത്തിയിട്ടുണ്ടോ: വ്യക്തമാക്കുമോ; | (എ) ലഭ്യമായ കണക്കുകളുടെ അടിസ്ഥാനത്തിൽ, ഈ വർഷം ഇതു വരെ കൊല്ലം ജില്ല ഒഴികെ മറ്റ് ജില്ലകളിലൊന്നും വേനൽമഴയുടെ ലഭ്യതയിൽ നോർമൽ വാല്യുവിൽ നിന്നും കുറവ് രേഖപ്പെടുത്തിയിട്ടില്ല. |
| (ബി) വേനൽമഴയുടെ ലഭ്യതയിലുണ്ടായ കുറവ് കുടിവെള്ളക്ഷാമത്തിന് കാരണമായിട്ടുണ്ടോ: വ്യക്തമാക്കുമോ; | (ബി) വേനൽമഴ കാര്യമായി ലഭിക്കാത്തതിനാൽ സംസ്ഥാനത്തിന്റെ ചിലഭാഗങ്ങളിൽ ഭാഗികമായി കുടിവെള്ള ക്ഷാമത്തിന് കാരണമായിട്ടുണ്ട്. ജല സ്രോതസ്സുകളിൽ ജലനിരപ്പ് താഴ്ന്നതിനാൽ പമ്പ് ചെയ്യുന്ന വെള്ളത്തിന് കുറവ് വന്നിട്ടുണ്ട്. ആയതിനാൽ കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ജലവിതരണം കുറവായിട്ടുണ്ട്. |
| (സി) എങ്കിൽ കുടിവെള്ള ദൗർലഭ്യം നേരിടുന്ന ജില്ലകൾ ഏതെല്ലാമാണെന്നും കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കുമോ? | (സി) പത്തനംതിട്ട, കൊല്ലം, കോട്ടയം, എറണാകുളം, തൃശ്ശൂർ, ഇടുക്കി, ആലപ്പുഴ, പാലക്കാട്, മലപ്പുറം, കണ്ണൂർ, കാസർഗോഡ്, കോഴിക്കോട്, വയനാട് എന്നീ ജില്ലകളുടെ പല ഭാഗങ്ങളിലും കുടിവെള്ള ദൗർലഭ്യം നേരിടുന്നുണ്ട്.<br>വരൾച്ച കണക്കിലെടുത്ത് കുടിവെള്ളക്ഷാമം നേരിടുന്ന സ്ഥലങ്ങളിൽ കുടിവെള്ള ലഭ്യത ഉറപ്പു വരുത്തുന്നതിനായി ധനലഭ്യതയ്ക്കനുസൃതമായി താഴെ പറയുന്ന നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നു. |

1. ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം.
2. കേടായ പമ്പ്സെറ്റുകളുടെ അറ്റകുറ്റപ്പണികൾ.
3. പമ്പ്സെറ്റുകൾ മാറ്റിവയ്ക്കുന്ന പണികൾ.
4. വാട്ടർലൈനുകളിലുള്ള ലീക്കുകൾ മാറ്റുക.
5. സാങ്കേതികമായി സാധ്യമായ സ്ഥലങ്ങളിൽ ജലത്തിന്റെ ലഭ്യത അനുസരിച്ച് പൈപ്പ്ലൈനുകൾ നീട്ടുക.
6. തകരാറിലായ പൈപ്പുലൈനുകൾ മാറ്റുക.
7. ഡൈവേർഷൻ ചാനലുകൾ മുഖേന നീരൊഴുക്കു വർദ്ധിപ്പിക്കുകയും സ്രോതസ്സുകളിലേക്ക് തിരിച്ചു വിടുകയും ചെയ്യുക.
8. ഇൻഫിൽട്രേഷൻ ഗാലറി, കിണറുകൾ, കുളങ്ങൾ എന്നിവ വൃത്തിയാക്കുകയും കുഴൽ കിണറുകൾ ഫ്ളഷ് ചെയ്യുകയും ചെയ്യുക.
9. വാൽവുകൾ നിയന്ത്രിച്ചും, പമ്പിംഗ് സമയം ക്രമീകരിച്ചും നിശ്ചിതസമയം കുടിവെള്ളം നൽകുക മുതലായവ.
10. ടാങ്കർ ലോറികൾ നിറയ്ക്കുന്നതിനായുള്ള ഔട്ട്ലെറ്റുകൾ സ്ഥാപിച്ചും താൽകാലിക തടയണ നിർമ്മിച്ചും ജലനിരപ്പ് ഉയർത്തി ജലലഭ്യത മെച്ചപ്പെടുത്തിയും നടത്തി വരുന്നു.

(signature)

സെക്ഷൻ ഓഫീസർ